പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 926

10.06.2019-ൽ മറുപടിയ്ക്ക്.

# ക്ഷീരമേഖലയിൽ പ്രളയം മൂലമുണ്ടായ നാശനഷ്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. മുകേഷ്<br>ശ്രീ.സജി ചെറിയാൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.പി. ഉണ്ണി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരമേഖലയിൽ പ്രളയം മൂലമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ് | (എ) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് ക്ഷീരവികസനവകുപ്പ് മുഖേന, അടിയന്തരസഹായമായി കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയസമയത്ത് കാലികൾക്ക് നൽകുന്നതിനായി 28,887 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.<br>പ്രളയം മൂലമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 21.99 കോടി രൂപ കർഷകർക്ക് ധനസഹായമായി മൃഗസംരക്ഷണ വകുപ്പ് മുഖേന വിതരണം ചെയ്തു. കൂടാതെ പ്രളയബാധിത പ്രദേശങ്ങളിലെ കന്നുകാലികൾക്ക് 2.68 കോടി രൂപയുടെ കാലിത്തീറ്റയും വിതരണം ചെയ്യുകയുണ്ടായി. |
| (ബി) ക്ഷീരകർഷകരെ സഹായിക്കുന്നതിനായി രൂപം നൽകിയ പുനരധിവാസ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) പ്രളയംമൂലം നാശനഷ്ടങ്ങൾ ഉണ്ടായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ക്ഷീരവികസനവകുപ്പ് മുഖേന, 22 കോടി രൂപയുടെ ഫ്ലഡ് റിലീഫ് പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയിലൂടെ പ്രധാനമായും താഴെ പറയുന്നവയാണ് കർഷകർക്ക് സഹായം നൽകിയത്. |

| ക്രമ നം | പദ്ധതിയുടെ പേര് | യൂണിറ്റ് സബ്സിഡി (രൂപയിൽ) | ഗുണഭോക്താക്കളുടെ എണ്ണം | ആകെ സബ്സിഡി തുക (ലക്ഷം) |
|---|---|---|---|---|
| 1 | ഗോദാനം ഒരു പശുയൂണിറ്റ് | 33000 | 1200 | 396 |
| 2 | 2 പശുയൂണിറ്റ് | 66000 | 900 | 594 |
| 3 | അവശ്യാധിഷ്ഠിത സഹായം | 50000 | 1500 | 750 |
| 4 | കാലിത്തൊഴുത്ത് | 50000 | 630 | 315 |

| | | | | |
|---|---|---|---|---|
| 5 | യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ശാസ്ത്രീയ കാലിത്തൊഴുത്ത് | 100000 | 100 | 30 |

പ്രളയ ബാധിത മേഖലയിലെ പുനരുജ്ജീവനത്തിനായി 2018-19 സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പ് മുഖേന ഈ മേഖലയിൽ താഴെക്കൊടുക്കുന്ന പദ്ധതികൾ നടപ്പിലാക്കി

കർഷകർ എടുത്തിട്ടുള്ള ലോണുകൾക്ക് പലിശ സബ്സിഡി നൽകുന്ന പദ്ധതി

ഒരു ഗുണഭോക്താവിന് പരമാവധി 5,000/- (അയ്യായിരം രൂപ) വരെയാണ് ഈ ഇനത്തിൽ നൽകിയത്. സംസ്ഥാനമൊട്ടാകെ 6291 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ NLM ന്റെ കീഴിൽ ആട് വളർത്തൽ പദ്ധതി

പ്രളയം ഏറ്റവും കൂടുതൽ നഷ്ടം വിതച്ച പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ National Livestock Mission ന്റെ കീഴിൽ ആട് വളർത്തൽ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഒരു യൂണിറ്റിൽ 10 പെണ്ണാടുകളും ഒരു മുട്ടനാടും അടങ്ങുന്ന 11 ആടുകൾ ആണ് ഉള്ളത്. 90% സബ്സിഡിയോടെയാണ് പദ്ധതി നടപ്പിലാക്കിയത്. ഒരു ഗുണഭോക്താവിന് 59,400/- രൂപ ധനസഹായത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കിയത്. (60% കേന്ദ്ര ഫണ്ടും 30% സംസ്ഥാന ഫണ്ടും ചേർത്ത്) 2018-19 സാമ്പത്തിക വർഷം ഇത്തരത്തിൽ 387 കർഷകർക്ക് പദ്ധതിയുടെ ഗുണം ലഭിച്ചു.

2019-20 സാമ്പത്തിക വർഷം പ്രളയബാധിത മേഖലകളിലെ മൃഗസംരക്ഷണ രംഗത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി പുതിയ പദ്ധതി സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 2.81 കോടി രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, എറണാകുളം, വയനാട് എന്നീ 7 ജില്ലകളിൽ കിടാരി വളർത്തൽ ഈ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്നു. മെച്ചപ്പെട്ട കിടാരികളെ വളർത്തിക്കൊണ്ടുവന്ന് മികച്ച പ്രത്യുല്പാദന ശേഷിയുള്ള പശുക്കളാക്കി മാറ്റുക എന്നുള്ളതാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഒരു കർഷകന് ഒരു കിടാരിയെ വാങ്ങി വളർത്തുന്നതിനും 6 മാസക്കാലയളവിലേക്കുള്ള തീറ്റ ഇനത്തിലും സഹായം നൽകുന്നു. ഇത്തരത്തിൽ ഒരു കർഷകന് 25,000/- രൂപയുടെ സഹായം നൽകിക്കൊണ്ട് 1120 യൂണിറ്റുകൾ നടപ്പിലാക്കും.

(സി) ദുരിതബാധിതരായ കർഷകർക്ക് പുതുതായി ഉരുക്കളെ ലഭ്യമാക്കുന്നതിനും തൊഴുത്ത് നവീകരണത്തിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) ദുരിതബാധിതരായ കർഷകർക്ക് ഫ്ലഡ് റിലീഫ് പ്രോഗ്രാം പദ്ധതി പ്രകാരം പുതുതായി ഉരുക്കളെ വാങ്ങുന്നതിനും, കാലി തൊഴുത്തിന്റെ നാശനഷ്ടങ്ങൾ തീർക്കുന്നതിനും പുതിയ കാലിതൊഴുത്തുകൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകുകയുണ്ടായി.
പ്രളയം ഗുരുതരമായി ബാധിച്ച 7 ജില്ലകളിൽ ദുരിതബാധിത കർഷകർക്ക് കിടാരികളെ വാങ്ങുന്നതിനുള്ള പദ്ധതി 2019-20 ബഡ്ജറ്റിൽ അംഗീകരിച്ചിട്ടുണ്ട്. പദ്ധതി 1120 കർഷകർക്ക് പ്രയോജനമാകും. MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി പ്രളയം ബാധിച്ച ജില്ലകളിലെ തൊഴുത്ത് നവീകരിക്കുന്നതിനുള്ള പദ്ധതിക്ക് ആവശ്യമായ സാങ്കേതിക സഹായം മൃഗസംരക്ഷണ വകുപ്പ് നൽകിവരുന്നു.

(ഡി) നഷ്ടം സംഭവിച്ച ക്ഷീര കർഷകർക്ക് വിവിധ ഏജൻസികളിൽ നിന്നും സഹായം എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

(ഡി) പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായി ക്ഷീരവികസന വകുപ്പിന്റെ നിർദ്ദേശ പ്രകാരം ജില്ലാതലത്തിൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും മൃഗസംരക്ഷണ വകുപ്പ്, മിൽമ എന്നിവയിലെ ഉദ്യോഗസ്ഥർ, ക്ഷീരസംഘം പ്രതിനിധികൾ മേഖലായൂണിയൻ ഭരണസമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും അടിയന്തിരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ 104.64 ലക്ഷം രൂപയുടെ വിവിധ സഹായങ്ങൾ കർഷകർക്ക് എത്തിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ദേശീയ ക്ഷീരവികസന ബോർഡിൽ നിന്നും 494 മെ.ടൺ കാലിത്തീറ്റയും 160 മെ.ടൺ സൈലേജും 21 മെ.ടൺ ഉണക്കപ്പുല്ലും, ആന്ധ്രാപ്രദേശ് മൃഗസംരക്ഷണവകുപ്പിൽ നിന്നും 20 ടൺ കാലിത്തീറ്റയും 18 ടൺ സൈലേജും 20 ടൺ സമ്പുഷ്ട പോഷക കാലിത്തീറ്റയും (TMR) പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

വയനാട് ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ ജില്ലാ ഭരണകൂടവുമായി ചേർന്ന് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ Donate a cow എന്ന പദ്ധതി പ്രകാരം ഇതിനോടകം ആലപ്പുഴ ജില്ലയിൽ 138 കറവപ്പശുക്കളെയും വയനാട് ജില്ലയിൽ 56 കറവപ്പശുക്കളെയും 250 കിടാരികളെയും, പാലക്കാട് ജില്ലയിൽ 8 കിടാരികളെയും, എറണാകുളം ജില്ലയിൽ 43 കറവപ്പശുക്കളെയും,പത്തനംതിട്ട ജില്ലയിൽ 7 കറവപശുക്കളെയും പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.
പ്രളയ ബാധിത പ്രദേശത്ത് നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ്, തമിഴ്നാട്, തെലുങ്കാന,

ആന്ധ്രാപ്രദേശ് ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ മൃഗസംരക്ഷണ വകുപ്പുകൾ, മിൽമ, കേരള ഫീഡ്സ് എന്നിവ തീറ്റ, വൈക്കോൽ, ധാതുലവണ മിശ്രിതങ്ങൾ, മരുന്നുകൾ എന്നിവ വിതരണം ചെയ്യുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**